## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3746 — 20.06.2019 ൽ മറുപടിയ്ക്ക്

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്

ചോദ്യം
ശ്രീ.സി. ദിവാകരൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.കെ. രാജൻ
ശ്രീ.എൽദോ എബ്രഹാം

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യ വകുപ്പിന് കീഴിൽ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഭക്ഷ്യസംസ്കരണ ഉൽപ്പാദന രംഗത്ത് അന്തർദേശീയ നിലവാരം പുലർത്താൻ കർഷകരെയും സംരഭകരെയും സഹായിക്കുക, തദ്ദേശീയ ഭക്ഷ്യ വസ്തുക്കൾ കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനവും, പിന്തുണയും നൽകുക, ഈ രംഗത്ത് ആവശ്യമായ ഗവേഷണം നടത്തുക, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കൾ സംസ്കരിക്കാനും ദീർഘകാലം കേട് കൂടാതെ സൂക്ഷിക്കുന്നതിന് കർഷകരെ സഹായിക്കുക തുടങ്ങിയവയാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെ സ്ഥാപിത ലക്ഷ്യം. |
| (ബി) | ഇതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | | |
| (സി) | ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കും ഭക്ഷ്യ സംസ്കരണ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വർക്കും പ്രസ്തുതസ്ഥാപനം ഏതൊക്കെ തരത്തിൽ ഉപയോഗപ്രദമാകുമെന്ന് അറിയിക്കുമോ; | (സി) | ഭക്ഷ്യ സംസ്കരണ രംഗത്തേയ്ക്കും ഭക്ഷ്യ വ്യവസായ രംഗത്തേയ്ക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർക്ക് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു. മിനി ഇൻക്യുബേഷൻ സെന്ററിന്റെ സൗകര്യവും ഇവിടെ ലഭ്യമാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന് കീഴിൽ അന്തർദേശീയ നിലവാരമുള്ള ലബോറട്ടറി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിന് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കീഴിൽ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരു ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | സംസ്കരണവും, വിതരണവും, ഉൽപ്പാദനവും നടത്തുന്ന വിവിധ ഏജൻസികൾ അവരുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ ലബോറട്ടറിയെ ആശ്രയിച്ചു വരുന്നു. |
| (ഇ) | പഴം-പച്ചക്കറി സംസ്കരണത്തിനായി വലിയ ശീതീകരണ പ്ലാന്റ് ഈ സ്ഥാപനത്തിനുകീഴിൽ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പഴം-പച്ചക്കറി സംസ്കരണത്തിനായി ഒരു ശീതീകരണ പ്ലാന്റ് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ നിർമ്മിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ